# വിൽക്കാനുണ്ട്, വോളി ടീമുകൾ

സ്വന്തം ലേഖകൻ

കൊച്ചി: ''ഇതു കളി വേറെ....'' സ്മാഷുകൾ പോലെ പടക്കം പൊട്ടുന്നതിനിടെ സൂപ്പർതാരം മമ്മൂട്ടി പ്രഖ്യാപിച്ചു. കേരള വോളിബോൾ ലീഗ് (കെവിഎൽ) പ്രവർത്തനങ്ങൾക്ക് വർണശബളമായ തുടക്കം. കെവിഎൽ ലോഗോ, ബ്രാൻഡ് അംബാസഡർ കൂടിയായ മമ്മൂട്ടി പ്രകാശനം ചെയ്തു.

ടീമുകളെ വിൽപനയ്ക്കുവച്ച ആദ്യ ദിവസം തന്നെ വടക്കേ അമേരിക്കാ ഭൂഖണ്ഡത്തിൽനിന്ന് ഉൾപ്പെടെ മൂന്നു ഗ്രൂപ്പുകൾ വാങ്ങാനെത്തി. ടീമുകളുടെ വിൽപന ഡിസംബർ മൂന്നുവരെയുണ്ടാകും. 2010 ഫെബ്രുവരി 20ന് ലീഗ് കോഴിക്കോട്ടു തുടങ്ങും. 28ന് സമാപിക്കും.

ടീം ഉടമസ്ഥാവകാശം നേടുന്നവരുടെ പേരുകൾ ഡിസംബർ 12ന് പ്രഖ്യാപിക്കും. അടുത്ത വർഷം ജനുവരി ഒൻപതിനാണ് കളിക്കാരുടെ ലേലം. മുംബൈ ആസ്ഥാനമായ സ്പോർട്സ് കൺസൽറ്റിന്റെ ആശയമായ കേരള വോളി ലീഗ് യാഥാർഥ്യമാക്കുന്നത് സംസ്ഥാന വോളിബോൾ അസോസിയേഷനുമായി ചേർന്നാണ്. ആകെ 16 മൽസരങ്ങൾ.

കേരളത്തിലെ ആറു നഗരങ്ങളുടെ ടീമുകൾ കെവിഎല്ലിൽ കളിക്കും. ഐപിഎൽ ക്രിക്കറ്റ് മാതൃകയിൽ ടീമുകളുടെ ഉടമസ്ഥാവകാശം ഫ്രാഞ്ചൈസികൾക്കു നൽകും. ലേലത്തിലൂടെയാവും ഉടമസ്ഥാവകാശം നിർണയിക്കുക.

തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളെയാണു ടീമുകൾക്കുവേണ്ടി പരിഗണിക്കുന്നത്. ഇവിടങ്ങളിൽനിന്ന് ആറു ടീം വരും. ഓരോ ടീമിലും 12 പേർ. സിലക്ഷനുവേണ്ടി അഖിലേന്ത്യാ തലത്തിൽ 100 കളിക്കാരുടെ പട്ടിക തയാറാക്കിയിട്ടുണ്ട്.

ഓരോ ടീമും മൂന്ന് യൂത്ത് കളിക്കാരെയും (അണ്ടർ 21), സ്വന്തം നാട്ടിൽനിന്ന് നാലു കളിക്കാരെയും നിർബന്ധമായും എടുത്തിരിക്കണം. മറ്റു സംസ്ഥാനങ്ങളിൽനിന്നു രണ്ടു താരങ്ങളെ എടുക്കാം.

വോളിബോൾ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ചാർലി ജേക്കബ്, സെക്രട്ടറി പ്രഫ. നാലകത്ത് ബഷീർ, സ്പോർട്സ് കൺസൽറ്റ് സിഇഒ ജിതേന്ദ്ര ജോഷി, സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ടി.പി. ദാസൻ എന്നിവരും പ്രസംഗിച്ചു. കേരളത്തിൽനിന്നുള്ള രാജ്യാന്തര വോളിതാരങ്ങളും ഒഫിഷ്യലുകളും കെവിഎൽ പ്രവർത്തനോദ്ഘാടനത്തിൽ പങ്കെടുത്തു.




*കേരള വോളിബോൾ ലീഗ് (കെവിഎൽ) ലോഗോ കൊച്ചിയിൽ മമ്മൂട്ടി പ്രകാശനം ചെയ്തപ്പോൾ. വോളിബോൾ അസോസിയേഷൻ സംസ്ഥാന സെക്രട്ടറി പ്രഫ. നാലകത്ത് ബഷീർ, സ്പോർട്സ് കൺസൽട്ട് സിഇഒ ജിതേന്ദ്ര ജോഷി, വോളിബോൾ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ചാർലി ജേക്കബ്, സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ടി.പി. ദാസൻ എന്നിവർ സമീപം.*